KSRTC - SWIFT LTD
(A Government of Kerala Undertaking)
Anayara, Thiruvananthapuram – 695029
Tel. +91 4712465000 e-mail: gm.ksrtcswift@gmail.com

നമ്പർ: KSWIFT/41/2022 തീയതി 29.04.2024

## ടെൻഡർ

KSRTC-SWIFT Ltd ന്റെ കേന്ദ്ര കാര്യാലയത്തിലെ ഉപയോഗത്തിലേക്കായി ഒര് സെഡാൻ ഗണത്തിൽപ്പെട്ട (ടൊയോട്ട എറ്റിയോസ്/ സ്വിഫ്റ്റ് ഡിസയർ/ ഹോണ്ട അമേസ്) വെള്ള നിറം ഉള്ള വാഹനം (5 seater) ഒരു വർഷക്കാലയളവിലേക്ക് Wet lease (ഡ്രൈവറും, ഇന്ധനം അടക്കം) വ്യവസ്ഥയിൽ വാടകയ്ക്ക് ലഭ്യമാക്കുന്നതിന് മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

➢ **ക്വട്ടേഷൻ നിബന്ധനകൾ**

1. വെള്ള നിറം ഉള്ള, അഞ്ചു വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്ത, സെഡാൻ ഗണത്തിൽപ്പെട്ട (ടൊയോട്ട എറ്റിയോസ്/ സ്വിഫ്റ്റ് ഡിസയർ/ ഹോണ്ട അമേസ്) വാഹനമാണ് ലഭ്യമാക്കേണ്ടത്.
2. വാഹനത്തിൽ എയർകണ്ടീഷൻ സംവിധാനം (A/C) ഉണ്ടായിരിക്കണം.
3. മേൽ പ്രതിപാദിച്ച വിഭാഗത്തിൽപ്പെട്ട വാഹനം ഒരു വർഷത്തേക്ക് Wet lease വ്യവസ്ഥയിൽ ആണ് നൽകേണ്ടത്. ഇന്ധനം, ഡ്രൈവർ ഉള്പ്പെടെ വാഹനം ലഭ്യമാക്കുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.
4. വാഹനം വാടകയ്ക്ക് നൽകുന്ന പ്രവർത്തന പരിചയമുള്ള സ്ഥാപനങ്ങൾക്ക് / വ്യക്തികൾക്ക് ടെണ്ടർ ഫോം സമർപ്പിക്കാവുന്നതാണ്. ഇത് സംബന്ധിച്ച തെളിവ് ഹാജരാക്കണം.

5. ഈ കരാർ പ്രകാരം വാടകയ്ക്ക് എടുക്കുന്ന വാഹനം കരാർ കാലയളവിൽ പൂർണ്ണമായും KSRTC-SWIFT Ltd ന്റെ നിയന്ത്രണത്തിലായിരിക്കും.
6. Work order നൽകിയാൽ 7 ദിവസങ്ങൾക്കുള്ളിൽ വാഹനം നൽകേണ്ടതാണ്.
7. ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തിയുടേയോ, സ്ഥാപനത്തിന്റേയോ പേരിൽ രെജിസ്റ്റർ ചെയ്തിട്ടുള്ളതായിരിക്കണം വാഹനം. അല്ലാത്ത പക്ഷം ഉടമയുടെ authorization certificate ഡീറ്റെയിൽസ് ക്വട്ടേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.
8. വാടകയ്ക്ക് ലഭ്യമാക്കുന്ന വാഹനം പ്രതിമാസം ശരാശരി 1500 കി.മീ. ദൂരം (ഏകദേശം) ഓടുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ 1500 കി.മീ ഓടുന്നതിനുള്ള നിരക്കും, അധികം ഓടുന്ന ഓരോ കിലോമീറ്ററിനുള്ള നിരക്കും ക്വട്ടേഷനിൽ പ്രത്യേകമായി ലഭ്യമാക്കേണ്ടതാണ്. GST ഒഴിവാക്കിയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്. ഇതിൽ കൂടുതൽ മറ്റ് യാതൊരു തുകയും കമ്പനി അനുവദിക്കുന്നതല്ല.

➢ **<u>വാഹനത്തെ സംബന്ധിച്ച നിബന്ധനകൾ</u>**

1. വാഹനം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും , നല്ല മെക്കാനിക്കൽ / ബോഡി കണ്ടിഷൻ ഉള്ളവയും ആയിരിയ്ക്കണം.
2. വാഹനം നല്കുമ്പോൾ കരാർ കാലാവധിയിൽ സാധുവായ വാഹന രേഖകളുടെ (RC Book, Tax paid token, Pollution, Insurance തുടങ്ങിയവ) ഒർജിനൽ സ്വിഫ്റ്റ്ന്റെ ഓഫീസിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
3. ഒർജിനൽ രേഖകൾ ഇല്ലാത്ത വാഹനങ്ങൾ പരിഗണിക്കുന്നതല്ല.
4. വാഹനത്തിന്റെ ഉൾഭാഗവും, പുറം ഭാഗവും നല്ല വൃത്തിയുള്ളതും ആകർഷകവുമായിരിക്കണം.

വാഹനം നൽകുന്ന സമയത്ത് യാതൊരുവിധ ബോഡി / പെയിന്റ് റിപ്പയർ ഉണ്ടാകാൻ പാടില്ല.

5. കരാർ കാലാവധിയിൽ ടി വാഹനത്തിന്റെ അറ്റകുറ്റപണികൾ, പിരിയോഡിക് സർവ്വീസുകൾ, ടയർ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ ഉൾപ്പെടെയുള്ളവ കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.
6. വാഹനത്തിന് കരാർ കാലാവധിയിൽ നിർബന്ധമായും ഫുൾ കവർ ഇൻഷുറൻസ് ഉണ്ടായിരിക്കണം. ഫുൾ കവർ ഇൻഷ്വറൻസ് ഇല്ലാത്ത വാഹനം പരിഗണിക്കുന്നതല്ല.
7. കരാർ കാലയളവിനുള്ളിൽ 2 ഡ്രൈവറിൽ കൂടുതൽ വാഹനം ഓടിക്കുന്നതിനായി നിയോഗിക്കാൻ പാടില്ല. ടി ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസിന്റെ (കരാർ കാലാവധിയിൽ എല്ലാ സമയത്തും സാധുവായത്) പകർപ്പ് സമർപ്പിക്കണം.
8. വാഗ്ദാനം ചെയ്യുന്ന വാഹനത്തിന്റെ രജിസ്റ്റർ നമ്പര്, R/C കോപ്പി തുടങ്ങിയ എല്ലാ രേഖകളുടെയും പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കണം.
9. ഏതെങ്കിലും സാഹചര്യത്തിൽ വാഹനം മാറ്റണം എന്ന് ഉടമ ആഗ്രഹിച്ചാൽ കമ്പനിയുടെ അറിവോടെയും രേഖാമൂലമുള്ള അനുവാദത്തിന്റെയും അടിസ്ഥാനത്തിൽ ആയതിന് അനുവദിക്കുന്നതാണ്. എന്നാല് ഇതിനുപകരമായി തത്തുല്യമോ മുന്തിയ അവസ്ഥയിലോ ഉള്ള വാഹനം പകരമായി നൽകേണ്ടതാണ്.

➢ **<u>ക്വട്ടേഷൻ സമർപ്പിക്കേണ്ട തീയതികൾ</u>**

| | |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി | 18.05.2024 02.00 PM |

| | |
|---|---|
| ക്വട്ടേഷൻ തുറക്കുന്ന തീയതി | 18.05.2024 04.00 PM |
| വാഹന വിന്യാസം ആരംഭിക്കാൻ സാധ്യതയുള്ള തീയതി | 05.08.2024 |

➢ **<u>വാടകയിനത്തിലെ തുക നൽകുന്നത് സംബന്ധിച്ച്</u>**

1. കരാർ കാലയളവിൽ ഒര് മാസത്തെ ഉപയോഗം പൂർത്തിയാകുന്ന മുറയ്ക്ക് ബില്ല് / ഇൻ വോയിസ് സമർപ്പിക്കാവുന്നതാണ്.
2. ജി.എസ്.റ്റി. നിയമ പ്രകാരമുള്ള ഇൻവോയ്സുകൾ ആയിരിക്കണം സമർപ്പിക്കേണ്ടത്.
3. ബില്ല് / ഇൻവോയിസ് സമർപ്പിച്ച് 15 ദിവസത്തിനുള്ളിൽ വാടകയിനത്തിലെ തുക നൽകുന്നതാണ്.

➢ **<u>കരാർ കാലാവധിയിൽ കരാറുകാരന്റെ ഉത്തരവാദിത്തങ്ങൾ</u>**

1. എല്ലാ ദിവസവും നിർദ്ദിഷ്ട സമയത്ത് എല്ലാത്തരത്തിലും സഞ്ചാര യോഗ്യമായ അവസ്ഥയിൽ ഇന്ധനം, ഡ്രൈവര് അടക്കം വാഹനം നിർദ്ദിഷ്ട സ്ഥലത്ത് എത്തിക്കണം.
2. എല്ലാ ദിവസവും വാഹനത്തിന്റെ അകവും പുറവും വൃത്തിയാക്കിയിരിക്കണം.
3. വാഹനം എത്തിയ സമയം സെക്യൂരിറ്റി ഗേറ്റിൽ രേഖപ്പെടുത്തണം.
4. ഓരോ ദിവസവും വാഹനം ഉപയോഗിക്കപ്പെടുന്ന ദൂരം, ഉപയോഗിച്ച ഉദ്യോഗസ്ഥന്റെ പേര്, പോയ സ്ഥലം, സമയം, തിരിച്ചെത്തിയ സമയം തുടങ്ങിയവ രേഖപ്പെടുത്തുന്നതിനുള്ള ലോഗ് ബുക്ക് എഴുതി സൂക്ഷിക്കണം. ഇതിൽ നിർദ്ദിഷ്ട ഭാഗത്ത് ഉപയോഗിച്ച ഉദ്യോഗസ്ഥന്റെ ഒപ്പ് വാങ്ങിയിരിക്കണം.
5. ലോഗ് ബുക്ക് KSRTC-SWIFT ൽ നിന്നം നൽകുന്നതായിരിക്കും.

6. വാഹനത്തിന്റെ ഇന്റീരിയർ ക്ലീനിംഗ്, വാകം ക്ലീനിംഗ് തുടങ്ങിയവ 15 ദിവസത്തിൽ ഒരിക്കൽ നടത്തേണ്ടതാണ്.
7. വാഹനത്തിൽ പരസ്യമോ മറ്റോ പതിപ്പിക്കാൻ പാടില്ലാത്തതാണ്.
8. പ്രതിമാസം കമ്പനി ആവശ്യപ്പെടുന്ന പ്രകാരം 25 ദിവസത്തിൽ കുറയാത്ത ദിവസങ്ങൾ ടി വാഹനം സർവ്വീസിന് വേണ്ടി ലഭ്യമാക്കുന്നുണ്ടെന്ന് കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്.

- **<u>കരാർ</u>**

  ക്വട്ടേഷനിൽ കുറഞ്ഞ തുക രേഖപ്പെടുത്തുന്ന സ്ഥാപനം / വ്യക്തി കമ്പനിയുമായി ഇതു സംബന്ധിച്ച് ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. (200/- രൂപ മുദ്രപത്രത്തിൽ)

- **<u>ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധം</u>**

  ഇതോടൊപ്പമുള്ള ക്വട്ടേഷന് ഫോം പൂരിപ്പിച്ച് ഒപ്പ് വെച്ച് താഴെപ്പറയുന്ന രേഖകൾ സഹിതം KSRTC-സ്വിഫ്റ്റിന്റെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

  എ). ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തി / സ്ഥാപനത്തിന്റെ ജി.എസ്.റ്റി രെജിസ്ട്രേഷൻ

  ബി). വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ,

  സി). ഇൻഷ്വറൻസ് രേഖകൾ, പുകമലിനീകരണ സർട്ടിഫിക്കറ്റ്

  ഡി). ജി.എസ്.റ്റി. രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

  ഇ). ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് (പരമാവധി 2 ഡ്രൈവർമാരുടെ)

  എഫ്). എല്ലാ പേജുകളിലും ഒപ്പു രേഖപ്പെടുത്തിയ ക്വട്ടേഷൻ നോട്ടീസിന്റെ കോപ്പി

  ജി). ക്വട്ടേഷനുകള് സി.എം.ഡി, KSRTC-SWIFT ന്, കവറിൽ സീൽ ചെയ്ത് പുറത്ത് **“Quotation for hiring of**

**car"**, ക്വട്ടേഷൻ സമർപ്പിക്കുന്നവരുടെ പേരും പൂർണ മേൽവിലാസവും രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

- **<u>തർക്കങ്ങളും, കേസുകളും</u>**

  കോടതി വ്യവഹാരങ്ങൾ തിരുവനന്തപുരം, കോടതികളുടെ അധികാരപരിധിക്കുള്ളിൽ വരുന്നതായിരിക്കും.

- ഈ ക്വട്ടേഷൻ പൂർണമായോ / ഭാഗികമായോ പരിഷ്ക്കരിക്കുന്നതിനോ, ആവശ്യമെങ്കിൽ വേണ്ടെന്നു വെയ്ക്കുന്നതിനോ <u>ഉള്ള</u> പൂർണ്ണമായ അധികാരം KSRTC-SWIFT ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**Sd/-**

ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി

## <u>ക്വട്ടേഷൻ ഫോം</u>

| ക്രമ നം. | വിവരങ്ങൾ | വാഹന ഉടമ / ക്വട്ടേഷൻ രേഖപ്പെടുത്തേണ്ട വിവരങ്ങൾ |
|---|---|---|
| 1. | വാഹനത്തിന്റെ രജിസ്റ്റർ നമ്പർ | |
| 2. | വാഹനത്തിന്റെ മോഡൽ, രജിസ്ട്രേഷൻ തീയതി | |
| 3. | വാഹനത്തിന്റെ ഉടമയുടെ പേരും മേൽവിലാസവും | |
| 4. | ഉടമ / ഏജൻസിയുടെ GST No രേഖപ്പെടുത്തുക | |
| 5. | ഒരു മാസത്തെ വാടക (1500 കിമീ ഓടുന്നതിന്) എത്ര രൂപ എന്ന് രേഖപ്പെടുത്തുക. (GST ഒഴിവാക്കിയുള്ള തുക) (ഡ്രൈവർ, ഇന്ധനം അടക്കം) അക്കത്തിലും അക്ഷരത്തിലും | Rs.......................................................<br>.......................................................<br>.......................................................<br>.........................................രൂപ മാത്രം |
| 6. | 1500 കി.മീ.ന് അധികമായി ഓടുന്ന ഓരോ കി.മീ.നും ആവശ്യമായ നിരക്ക് രേഖപ്പെടുത്തുക. (GST ഒഴിവാക്കിയുള്ള തുക) (ഡ്രൈവർ, ഇന്ധനം അടക്കം) അക്കത്തിലും അക്ഷരത്തിലും രൂപയിൽ | Rs.......................................................<br>.......................................................<br>.......................................................<br>.........................................രൂപ മാത്രം |

മേൽ പ്രതിപാദിച്ച വ്യവസ്ഥകൾ അടിസ്ഥാനമാക്കി കോർപ്പറേഷന്റെ ആവശ്യങ്ങൾക്കായി ഒരു വർഷക്കാലയളവിലേക്ക് ഉത്തരവ് ലഭ്യമാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം Wet lease (ഡ്രൈവറും ഇന്ധനം അടക്കം) വ്യവസ്ഥയിൽ വാഹനങ്ങൾ നൽകുന്നതിന് തയ്യാറാണ്.

തീയതി :

സ്ഥലം :

വാഹന ഉടമ / ഏജൻസിയുടെ പേര്, ഒപ്പ്, സീൽ